# അർജന്റീന വിദേശകാര്യ മന്ത്രിയുടെ ഇന്ത്യ സന്ദർശനം, ജൂൺ 15-18, 2013

അർജന്റീന വിദേശകാര്യ മന്ത്രി_ശ്രീ. ഹെക്ടർ മാർക്കോസ് ടിമെർമാൻ (Mr. Hector Marcos Timerman)നാളെ മുതൽ (ജൂൺ 15-18, 2013) ഇന്ത്യ സന്ദർശിക്കും. നാലാമത് ഇന്ത്യ അർജന്റീന സംയുക്ത കമ്മീഷൻ യോഗത്തിൽ (JCM). അദ്ദേഹം കേന്ദ്ര വിദേശ കാര്യ വകുപ്പ് മന്ത്രിക്കൊപ്പം അദ്ധ്യക്ഷ പദം പങ്കുവയ്ക്കും. അദ്ദേഹത്തിനോടൊപ്പം അർജന്റീന മന്ത്രി സഭയിലെ വിദേശ കാര്യം, സാമ്പത്തിക കാര്യം, വിദേശ വ്യാപാരം, കൃഷി വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു ഇരുപതംഗ സംഘവും ഇന്ത്യ സന്ദർശിക്കുന്നു.

2. ജൂൺ 17,2013 ന് നടക്കുന്ന സംയുക്ത കമ്മീഷൻ യോഗത്തിൽ (JCM) ഇരു വിഭാഗങ്ങളും രാഷ്ട്രീയം, സാമ്പത്തികം, വ്യാവസായികം, കൃഷി, ശാസ്ത്ര സാങ്കേതിക വിദ്യ, പ്രതിരോധം, സാംസ്ക്കാരികം എന്നിവ ഉൾപ്പെടെയുള്ള ഇന്ത്യ- അർജന്റീന ഉഭയ കക്ഷി ബന്ധങ്ങളിലെ മുഴുവൻ പുരോഗതിയും അവലോകനം ചെയ്യും. അതോടൊപ്പം സഹകരണത്തിലെ പുതിയ മേഖലകളും ഇരു വിഭാഗവും പരിശോധിക്കും. പൊതു താൽപര്യമുള്ള മേഖലാ വികസനങ്ങൾ, ആഗോള വിഷയങ്ങൾ എന്നിവയിൽ ഇരു വിഭാഗത്തിനുമുള്ള കാഴ്ചപ്പാടുകളും പങ്കുവയ്ക്കും.

3. രണ്ടായിരത്തി ആറിലാണ് വിദേശ മന്ത്രി തലത്തിലുള്ള ഇന്ത്യ സന്ദർശനം അർജന്റീന അവസാനമായി നടത്തിയത്. കേന്ദ്ര വിദേശ കാര്യ മന്ത്രി അർജന്റീന ഫെബ്രുവരി രണ്ടായിരത്തി പതിമൂന്നിൽ സന്ദർശിച്ചിരുന്നു. അർജന്റീനയുടെ പ്രസിഡന്റ് ക്രിസ്റ്റീന ഫെർണാണ്ടസ് ഡേ കേർഷ്നർ (Cristina Fernandez de Kirchner) ഒക്ടോബർ 2009 ൽ ഇന്ത്യ സന്ദർശിച്ചിരുന്നു.

4. ഇന്ത്യയും അർജന്റീനയും നിയമത്തിലും പുരോഗമനത്തിലും ജനാധിപത്യത്തിലും ഉറച്ച പങ്കുവയ്ക്കുന്ന മൂല്യങ്ങളെ അടിസ്ഥാനമാക്കി ഊഷ്മളമായ സൗഹൃദം പങ്കുവച്ചുവരുന്നു. ഇരു രാജ്യങ്ങളും വിവിധ ബഹുമുഖ വിഷയങ്ങളെ വളരെ അടുത്ത രീതിയിൽ തന്നെ മനസിലാക്കുന്നുണ്ട്. ജി-20 അംഗമായ അർജന്റീന 2013-2014 വർഷങ്ങളിലേക്ക് ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിലിൽ സ്ഥിരാംഗം അല്ലെങ്കിലും ഒരു അംഗത്വം ഉള്ളവരാണ്. ഇന്ത്യ - അർജന്റീന തമ്മിലുള്ള വ്യാപാര ടേൺ ഓവർ ജനുവരി - ഡിസംബർ രണ്ടായിരത്തി പന്ത്രണ്ടിൽ രണ്ട് ബില്യൺ അമേരിക്കൻ ഡോളർ ആയിരുന്നു.

ന്യൂഡൽഹി

ജൂൺ 13, 2013